കഴിയുന്നില്ല. ഉദ്യോഗസ്ഥന്മാരുടെ കുറവും കൃത്യസമയത്തുതന്നെ സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ഹൗസിംഗ് ബോർഡിലെ എഞ്ചിനീയർമാർ വിസിറ്റ് നടത്താത്തതുമൂലവും ഒട്ടനവധി ഗുണഭോക്താക്കൾ പ്രയാസം അനുഭവിക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലമായ തൃത്താലയിൽ 9 പഞ്ചായത്തുകളിലും ഇത്തരത്തിൽ പാലക്കാട് ജില്ലയിലെ ഹൗസിംഗ് ബോർഡിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പണം കെട്ടിവയ്ക്കുകയുണ്ടായി. ഞാൻ തന്നെ നേരിട്ട് നിരവധി തവണ എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ബന്ധപ്പെട്ടു. പക്ഷേ ഇതുവരെ പണം അനുവദിക്കപ്പെട്ടു കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഇത്തരത്തിൽ പ്രയാസം അനുഭവിക്കുന്ന ഗുണഭോക്താക്കളുടെ പ്രയാസങ്ങൾ പരിഹരിക്കുവാനും ഹൗസിംഗ് ബോർഡിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിന്മേൽ തീർപ്പുകൽപിക്കുവാനും ഉദ്യോഗസ്ഥന്മാരുടെ കുറവ് നികത്തുവാനും ഗുണഭോക്താക്കൾക്ക് യഥാസമയം പണം കൊടുക്കുവാനും ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, മൈത്രീഭവന നിക്ഷേപ പദ്ധതിയനുസരിച്ച് 12,500 രൂപ അടച്ചാൽ പിന്നീട് ഈ ഗുണഭോക്താക്കൾ ഒരു പൈസയും തിരിച്ച് അടയ്ക്കേണ്ടതായിട്ടില്ല. ആ പദ്ധതിയനുസരിച്ച് ഗ്രാമപഞ്ചായത്തിൽനിന്ന് 36,978 അപേക്ഷകൾ ബോർഡിന് ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളിൽ 29057 പേർക്ക് വായ്പാ അനുമതി നൽകിക്കഴിഞ്ഞു. 36,000-ത്തിലാണ് ഇത്രയും പേർക്ക് നൽകിയത്. ബഹുമാനപ്പെട്ട മെമ്പർ സ്റ്റേജ് സർട്ടിഫിക്കറ്റിനെ പറ്റി പറയുകയുണ്ടായി. സ്റ്റേജ് സർട്ടിഫിക്കറ്റ് ഇപ്പോൾ നൽകുന്നത് ഉദ്യോഗസ്ഥർ അല്ല. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ജനപ്രതിനിധികൾക്ക് സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഇപ്പോൾ കൊടുത്തിട്ടുണ്ട്. ഈ പറഞ്ഞ പഞ്ചായത്തുകളിലെ പ്രശ്നം പ്രത്യേകമായി പരിശോധിച്ച് അവിടെ കാലതാമസം ഉണ്ടായിട്ടുണ്ടോയെന്ന് നോക്കി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(7) കൊടുവള്ളി മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ ശോച്യാവസ്ഥ

ശ്രീ. സി. മൊയീൻകുട്ടി : സർ, കൊടുവള്ളി നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ ശോച്യാവസ്ഥ ബഹുമാനപ്പെട്ട മന്ത്രിയുടെയും അതുപോലെതന്നെ ഡിപ്പാർട്ടുമെന്റിന്റെയും ശ്രദ്ധയിൽ പലതവണ കൊണ്ടുവന്നിട്ടുണ്ടെങ്കിലും പരിഹരിക്കപ്പെടാതെ കിടക്കുകയാണ്. അതുപോലെതന്നെ പ്രധാനപ്പെട്ട ഒരു കാര്യം പി.ഡബ്ല്യൂ.ഡി. റോഡുകളുടെ ടാർ ഭാഗം കഴിഞ്ഞുള്ള ഇരുഭാഗവും അതായത് പാർശ്വഭാഗം നന്നാക്കാതെ കിടന്നതുകൊണ്ട് വളരെയധികം ബുദ്ധിമുട്ടുണ്ട്. വഴിയാത്രക്കാർ അപകടങ്ങളിൽപ്പെടുന്നു, വാഹനഗതാഗതം തടസ്സപ്പെടുന്നു, അതോടൊപ്പം തന്നെ ഡ്രൈവേഴ്സിന് അതിന്റേതായ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഉണ്ട്. എല്ലാ റോഡുകളുടേയും പാർശ്വഭാഗം ഭംഗിയാക്കി ഗതാഗതയോഗ്യമാക്കി വളരെ അടിയന്തിരമായി നന്നാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പം അപകടസാദ്ധ്യത ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾകൂടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പി.ഡബ്ല്യു.ഡി. റോഡുകളുടെ പാർശ്വഭാഗം അതായത് ഷോൾഡേഴ്സ് നന്നാക്കുന്ന കാര്യമാണ്. അതിനോട് ചേർന്നുതന്നെ ഇപ്പോൾ ടെലികോം അഞ്ച് അടി ആഴത്തിൽ കുഴിച്ച് കേബിൾ ഇടുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അതേസമയം ടെലിഫോൺ കിട്ടണമെന്ന് ആഗ്രഹമുള്ളവരുടെ ആവശ്യവും അവഗണിക്കാൻ കഴിയുകയില്ല. ഇന്ന് റോഡുകളുടെ സംരക്ഷണം പ്രശ്നമായിരിക്കുകയാണ്. ടാറിനോട് ചേർന്ന് കുഴിക്കുന്നതുകൊണ്ട് ടാറിന്റെ ഒരു ഭാഗംകൂടി ഇപ്പോൾ ഇടിഞ്ഞുപോകുകയാണ്. ഷോൾഡേഴ്സ് നന്നാക്കുന്നതിന് ഇത് വലിയ പ്രായോഗികമായ തടസ്സമാണ്. പൊട്ടിപ്പൊളിഞ്ഞ ഭാഗങ്ങൾ നന്നാക്കാനായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൊടുവള്ളി നിയോജക മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

(8) ആരോപണ വിധേയനായ ഹാന്റ്ക്സ് എം.ഡി.യുടെ പുനർനിയമനം

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, സൂപ്പർ ആനുവേഷൻ മൂലം ഇന്ന് സർവ്വീസിൽനിന്നും വിരമിക്കേണ്ട, വിജിലൻസ് അന്വേഷണത്തിന് വിധേയനായിരിക്കുന്ന ഹാന്റ്ക്സ് എം.ഡി. ശ്രീ.. മോഹൻകുമാറിന് പുനർനിയമനം കൊടുക്കുവാൻ പോകുന്നുവെന്നുള്ള വാർത്തയാണ് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഹാന്റ്ക്സിന്റെ നിയമാവലിയിൽ 14(6)-ാം വകുപ്പിൽ പറയുന്നു, ഒരു മുഴുവൻ സമയം സർക്കാർ ഉദ്യോഗസ്ഥനെ മാത്രമേ മാനേജിംഗ് ഡയറക്ടറായിട്ട് നിയമിക്കാൻ പാടുള്ളൂ എന്ന് അവിടത്തെ ഹാന്റ്ക്സ് വർക്കേഴ്സ് അസോസിയേഷന്റെ (സി.ഐ.ടി.യു) മേയ് മാസത്തിൽ പാലക്കാട് വച്ചു നടന്ന സമ്മേളനം പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടു എം.ഡി.യുടെ കാലാവധി നീട്ടികൊടുക്കരുതെന്ന്. അതിനുശേഷം ഈ ജൂൺ മാസം 25-ാം തീയതി വിജിലൻസ് കോടതി ഒരു ഉത്തരവ് ഇട്ടിരിക്കുന്നു; അതായത് മാനേജിംഗ് ഡയറക്ടർ മോഹൻകുമാറിനും അതിന്റെ പ്രസിഡന്റ് കെ.പി. സുധാകരനും മുൻ ഡയറക്ടർ വി. ജോർജ് ജോസഫിനും മറ്റ് ബോർഡ് അംഗങ്ങൾക്കും എതിരെ വിജിലൻസ് അന്വേഷണം നടത്താൻ. അതനുസരിച്ച് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിരിക്കുന്നു. ഒരു സ്വകാര്യ അന്യായത്തിൻമേൽ ആണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആ സ്വകാര്യ അന്യായത്തിൽ ആരോപിച്ചിരിക്കുന്ന ആരോപണങ്ങൾ: അഴിമതി, സ്വജനപക്ഷപാതം, പിൻവാതിൽ നിയമനം, ഗുരുതരമായ സാമ്പത്തിക ക്രമക്കേട്, അന്യസംസ്ഥാനത്ത് ഉല്പാദിപ്പിച്ച തുണി വാങ്ങി സംസ്ഥാനത്തുനിന്ന് ഉള്ളതാണെന്നുവരുത്തി റിബേറ്റ് കൊടുത്തത്, സർക്കുലർ ഇറക്കിക്കൊണ്ട് വൻതോതിൽ റിബേറ്റ് വെട്ടിപ്പ്, കോടിക്കണക്കിന് രൂപയുടെ പ്രോജക്ട് പാക്കേജ് സ്കീം വകമാറി ചെലവാക്കൽ, ഇല്ലാത്ത തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തൽ, എം.ഡി.യുടെ ഭാര്യയുടെ പേരിലുള്ള ഫോൺബിൽ ഹാന്റ്ക്സിനെ കൊണ്ട് അടപ്പിക്കൽ, ഇതിൽ പ്രഥമദൃഷ്ട്യാ കേസ്സുണ്ടെന്നുള്ളതുകൊണ്ടാണ് അന്വേഷണത്തിന് വിധേയമായത്. അദ്ദേഹം ചെയ്തുകൊണ്ടിരിക്കുന്നത്, പരേതനായ പി. രവീന്ദ്രൻ അവിടത്തെ ചെയർമാനായിരുന്നപ്പോൾ സത്യസന്ധമായി പ്രവർത്തിച്ചിരുന്ന ഉദ്യോഗസ്ഥന്മാരെ സസ്പെൻഷൻ, അച്ചടക്ക നടപടി ഇതൊക്കെക്കൊണ്ട് പീഡിപ്പിക്കുകയാണ്. ആ പീഡനം വീണ്ടും തുടരുന്നതിനുവേണ്ടിയാണോ അദ്ദേഹത്തിന് പുനർനിയമനം കൊടുക്കാൻ തീരുമാനിക്കുന്നത്? അതുകൊണ്ട് ദയവായി ഈ തീരുമാനം മാറ്റണമെന്നാണ് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly